മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ *31

നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 37-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ്, നക്ഷത്രചിഹ്നമിട്ട 47-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. യു. എ. ലത്തീഫ്, നക്ഷത്രചിഹ്നമിട്ട 51-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായ ചോദ്യങ്ങളായതുകൊണ്ട് ക്ലബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യത്തിനോട് ചേർത്ത് 37, 47, 51 എന്നീ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും മറുപടി പറയാവുന്നതാണ്.

## അനധികൃത മരംമുറി

1 (*31) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിൽ വനം ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്നു എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ വനംവകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ പിന്നീട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട് മുട്ടിൽ മരംമുറി കേസിലെ പ്രതികൾക്ക് സഹായം ലഭ്യമാക്കാൻ ശ്രമിച്ചിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) വയനാട് മുട്ടിലിൽനിന്നും അനധികൃതമായി മരം മുറിച്ച കേസിൽ ഉൾപ്പെട്ട ഈട്ടി തടികൾ ചെക്ക്പോസ്റ്റ്വഴി കടത്തിക്കൊണ്ടുപോയത്

തടയുന്നതിൽ വനം ചെക്ക്പോസ്റ്റ് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറേയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.06.2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കണ്ടെത്തിയിട്ടില്ല. മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സമഗ്രമായ അന്വേഷണം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരുന്നുണ്ട്.

## മുട്ടിൽ മരംമുറി

2 (*37) ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽനിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) റവന്യൂ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവിനെത്തുടർന്ന് വനമേഖലയിൽനിന്നും മരങ്ങൾ മുറിച്ചുകടത്തുവാൻ സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവിനെത്തുടർന്ന് നടന്ന അനധികൃത മരം മുറിക്ക് ഉന്നത ഉദ്യോഗസ്ഥരുടെയും മുൻ വനം വകുപ്പുമന്ത്രിയുടെ ഓഫീസിന്റെയും പിന്തുണയുണ്ടായിരുന്നുവെന്ന് ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 49 കേസ്സുകളിൽ 47 എണ്ണത്തിലും മരം മുറിച്ചത് പട്ടയഭൂമിയിൽനിന്നാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അവശേഷിച്ച രണ്ട് കേസ്സുകളിൽ മരത്തിന്റെ ഉറവിടം കണ്ടെത്താൻ അന്വേഷണം നടത്തിവരികയാണ്. പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് വനനിയമം സെക്ഷൻ 69 പ്രകാരം വനഭൂമിയിൽനിന്ന് മുറിച്ചതാകാമെന്ന് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) 24.10.2020-ലെ GO (Rt) No. 261/2020/റവന്യൂ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് കർഷകർക്ക് പതിച്ചുനല്കിയ പട്ടയഭൂമികളിൽ നിന്നുമാണ് മരങ്ങൾ മുറിച്ചുകടത്തിയതെന്നാണ് പ്രാഥമിക വിവരങ്ങളിൽ കാണുന്നത്. വനഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ പ്രസ്തുത ഉത്തരവ് സാഹചര്യമുണ്ടാക്കിയതായി കാണുന്നില്ല.

(സി) പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്.

## മുട്ടിൽ മരംമുറി

3 (*47) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള ഈട്ടി മരങ്ങൾ മുറിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) സമഗ്രമായ അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരികയാണ്.

(ബി&സി) ഇതുസംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ കർശന നടപടികൾ യഥാവിധി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നടപടിക്രമങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടാൽ അത്തരം മാറ്റങ്ങൾ വരുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## പട്ടയഭൂമിയിലെ മരംമുറി

4 (*51) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.06.2019-ന് പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രി മീറ്റിംഗ് വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കുന്നതുസംബന്ധിച്ച് പ്രസ്തുത മീറ്റിംഗിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 03.09.2019-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നോ;

(ഡി) പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24.10.2020-ന് ഇറക്കിയ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ,

(എ) കുട്ടമ്പുഴ വനമേഖലയിലെ വന്യമൃഗ ആക്രമണങ്ങളും പട്ടയഭൂമിയിലെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനുള്ള അനുമതിയും സംബന്ധിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 27.06.2019-ൽ യോഗം നടന്നിരുന്നു. പ്രസ്തുത യോഗത്തിലെ മരംമുറിയുമായി ബന്ധപ്പെട്ട തീരുമാനം : "പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും ഇത് പട്ടയഭൂമിയും പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയമായതിനാൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രികൂടി ഉൾപ്പെടുന്ന റവന്യൂ വകുപ്പും വനം വകുപ്പും കൂടിച്ചേർന്ന് ഒരു സംയുക്ത യോഗം വിളിച്ച് കേരളത്തിലെ പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച് ഒരു ഏകീകൃത നിയമം കൊണ്ടുവരുന്ന വിഷയം പരിശോധിക്കാമെന്നും തീരുമാനിച്ചു ".

(ബി) പട്ടയം ലഭിച്ചശേഷം ഭൂമിയിൽ കർഷകർ സ്വയം നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനോട് വനം വകുപ്പിന് അനുകൂല നിലപാടാണുള്ളതെങ്കിലും ഇത്തരം പട്ടയങ്ങളിൽ Kerala Land Assignment Act പ്രകാരം 1964-ലെ Kerala Land Assignment Rules നിലവിൽ വരുന്നതുവരെ നൽകപ്പെട്ടിട്ടുള്ളവയിൽ ടി റൂൾ 9(2), 9(3) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിട്ടുള്ളതാണെന്നും ഈ പട്ടയത്തിന്റെ ഷെഡ്യൂളിൽ എടുത്തുപറഞ്ഞിരിക്കുന്ന ഇനം മരങ്ങളും ചന്ദനം,

തേക്ക്, ഈട്ടി, കരിമരം എന്നീ ഇനം മരങ്ങളുടെയും ആയവയുടെ ഭാവിയിൽ വളർന്നുവരുന്നവയുടെയും ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണെന്നും, മറ്റു മരങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി മുറിച്ചുകൊണ്ടുപോകുന്നതിന് തടസ്സമില്ലാത്തതാണെന്നും ഷെഡ്യൂളിൽ റിസർവ് ചെയ്തിട്ടുള്ള തേക്ക്, കരിമരം, എബണി, ചന്ദനം ഒഴിച്ചുള്ള മരങ്ങൾ മുറിക്കുന്നതിൽ വനം വകുപ്പിന് അനുകൂല നിലപാടാണുള്ളതെന്നും ആയതിന് തടസ്സമായി നിൽക്കുന്ന പട്ടയവ്യവസ്ഥയിലെ നിബന്ധനകളിൽ ഇളവ് നൽകുന്നതിന് ടി വിഷയം റവന്യൂ വകുപ്പുമായി കൂടി ആലോചിക്കേണ്ടതാണെന്നും, സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും, ഇത് പട്ടയഭൂമിയും, പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയം ആയതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രികൂടി ഉൾപ്പെടുന്ന റവന്യൂ വകുപ്പും, വനം വകുപ്പും കൂടി ചേർന്ന് ഒരു സംയുക്തയോഗം വിളിക്കാവുന്നതാണെന്നുമാണ് വനം വകുപ്പ് സ്വീകരിച്ച നിലപാട്.

(സി) 03.09.2019-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നു.

(ഡി) 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകളിൽനിന്നും വ്യത്യസ്തമായി വ്യാഖ്യാനിക്കാവുന്ന തരത്തിലുള്ളതായിരുന്നു. പ്രസ്തുത ഉത്തരവ് വനം വകുപ്പ് ആസ്ഥാനത്ത് 09.11.2020-ൽ ലഭിച്ചെങ്കിലും ടി ഉത്തരവോ, പരിപത്രമോ നടപ്പിലാക്കാൻ യാതൊരു നിർദ്ദേശവും സർക്കിൾ തലവന്മാർക്കോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കോ വനം വകുപ്പ് ആസ്ഥാനത്തുനിന്ന് നല്കിയിരുന്നില്ല. കൂടാതെ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച മേൽ പരിപത്രത്തിന്റെയും സർക്കാർ ഉത്തരവിന്റെയും മറവിൽ ആയവയെ തെറ്റായി വ്യാഖ്യാനിച്ച് ഈട്ടി, തേക്ക് തുടങ്ങിയ വിലപിടിപ്പുള്ള സർക്കാർ മരങ്ങൾ സ്വകാര്യഭൂമികളിൽനിന്നും സ്വകാര്യകൈവശ ഭൂമികളിൽനിന്നും കടത്തിക്കൊണ്ടുപോകാൻ സാധ്യതയുണ്ടെന്ന് കാണുകയാൽ ഈ വിഷയത്തിൽ മുറിക്കപ്പെട്ട സർക്കാർ വക തടികൾ കസ്റ്റഡിയിലെടുക്കേണ്ടതും കേരള വനനിയമം സെക്ഷൻ 82, Kerala Forest (Preservation, reproduction and disposal of trees and

other timber belonging to Government but grown on lands in the occupation of private persons) Rules 1975, Kerala Forest (Prohibition of Felling of Trees Standing on Land Temporary or Permanently Assigned) Rules 1995 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷിനുപകരം ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സഭയിൽ ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് നൽകിയ അതേ മറുപടിയാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഈ ഭൂമി അസൈൻമെന്റ് ചെയ്തത് റവന്യൂ വകുപ്പാണ്. അതിൽ കിളിർത്തുവന്നതും നട്ടുവളർത്തിയതുമായ മരം വെട്ടുന്നതിനുള്ള ഉത്തരവിറക്കിയത് റവന്യൂ വകുപ്പാണ്. മരം വെട്ടി കടത്തുന്ന സമയത്ത് അത് പിടിച്ചതും കണ്ടുകെട്ടിയതും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണ്. ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്യാൻ സർക്കാരോ വകുപ്പോ തയ്യാറായിട്ടില്ല. രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട തർക്കത്തിന്റെ പേരിലാണോ പ്രതിയെ അറസ്റ്റ് ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിയെ അറസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകൾ തമ്മിൽ ഒരു തർക്കവുമില്ല. കുറ്റം ചെയ്തവരെ ശിക്ഷിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അതിൽ വകുപ്പുകൾക്ക് വ്യത്യസ്ത സമീപനമുണ്ടെന്ന് വ്യാഖ്യാനിക്കുന്നത് ദൗർഭാഗ്യകരമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വിവാദമായ മരംമുറിയുണ്ടായ മുട്ടിലിൽ, ആദിവാസികളെ കബളിപ്പിച്ച് മരം മുറിച്ച് അവരുടെ പേരിൽ കള്ളക്കേസ് ചാർജ്ജ് ചെയ്തിരുന്നു. പ്രസ്തുത പ്രദേശം സന്ദർശിക്കാനോ അവിടത്തെ കർഷകരെ കാണുന്നതിനോ റവന്യൂ, ഫോറസ്റ്റ് വകുപ്പുകളിലെ മന്ത്രിമാർ തയ്യാറായിട്ടില്ല. ഇനിയെങ്കിലും അവിടം സന്ദർശിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സന്ദർശനം എന്നുപറയുന്നത് കാര്യങ്ങൾ ബോദ്ധ്യപ്പെടാനുള്ള ഒരു പ്രവൃത്തിയുടെ ഭാഗമാണ്. അവിടെ പോയി സന്ദർശനം നടത്തേണ്ടത് അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് തോന്നുകയാണെങ്കിൽ ഒരു മടിയും ഞങ്ങൾക്കാർക്കും അക്കാര്യത്തിലില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഉത്തരത്തിൽ സൂചിപ്പിച്ചത് മരങ്ങൾ ചെക്ക് പോസ്റ്റിലൂടെ കടത്തിക്കൊണ്ടുപോകുമ്പോൾ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് എന്നാണ്. ചെക്ക്പോസ്റ്റിൽ നടപടിയെടുക്കുന്നതിന് മുൻപുതന്നെ വളരെയധികം മരങ്ങൾ ഇതുപോലെ കടത്തിക്കൊണ്ടുപോയിട്ടുണ്ടെന്നുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. എത്രമരം മുറിച്ചു; എത്രകോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്; അതിൽ എത്രമാത്രം പിടിച്ചെടുത്തു; ഇനി പിടിച്ചെടുക്കാൻ എത്രമാത്രമുണ്ട് എന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, മരം മുറിച്ചുകൊണ്ടുപോയതുമായി ബന്ധപ്പെട്ട് വ്യക്തമായ ധാരണതന്നെയാണ് സർക്കാരിനുള്ളത്. അതുകൊണ്ടാണ് വനം വകുപ്പിന്റെയോ റവന്യൂ വകുപ്പിന്റെയോ മാത്രം അന്വേഷണം പോരാ, പോലീസുമായും ക്രിമിനൽ കേസുമായും ബന്ധപ്പെട്ട പ്രശ്നങ്ങളും പരിശോധിക്കണമെന്നുള്ളതുകൊണ്ടാണ് ഈ വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുള്ളത്. കേസ് വളരെ ഊർജ്ജിതമായി മുന്നോട്ടുപോകുകയാണ്. അതിന്റെ പൂർണ്ണ

വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്കുമാത്രമേ അത്തരം കാര്യങ്ങൾ വ്യക്തമായി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2020 മാർച്ച് 11-ന് ആദ്യ ഉത്തരവിറക്കി. ആ ഉത്തരവിൽ മരം മുറിച്ചുകൊണ്ടുപോകുന്നത് തടയുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുമെന്നുണ്ടായിരുന്നില്ല. 1964-ലെ കേരള ഭൂപതിവ് ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ നിക്ഷിപ്ത ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് കർക്കശമായ ഒരു ഉത്തരവ് മറ്റൊരു റവന്യൂ സെക്രട്ടറി രണ്ടാമതായി ഇറക്കി. കളക്ടർമാരെവരെ അദ്ദേഹം ഭീഷണിപ്പെടുത്തിയതായി പറയുന്നു. ആ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുമെന്നും ആ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതിലെ യഥാർത്ഥ വസ്തുതയെന്താണെന്ന് വ്യക്താമാക്കാമോ; ഇതിനകം എത്ര രാജമരങ്ങൾ മുറിച്ചുമാറ്റി; അതിന്റെ മൂല്യം എത്രയാണ്; ഇതിൽ റിസർവ് ഫോറസ്റ്റിലെ മരങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, രണ്ടാമത് ഇറക്കിയ ഉത്തരവിന്റെ ഭാഗമാണ് അദ്ദേഹം ചോദിച്ചതെന്ന് ഞാൻ മനസിലാക്കുന്നു. ആ ഉത്തരവിൽ അങ്ങനെ പറയാൻ ഇടയായത് സ്വന്തം ഭൂമിയിൽ അവർക്ക് അവകാശപ്പെട്ട

മരം മുറിക്കുന്നതിന് പല കാരണങ്ങളാൽ ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ്. വ്യക്തിതാൽപ്പര്യം ഉൾപ്പെടെയുള്ള പല കാരണങ്ങൾ കൊണ്ടാകാം. അങ്ങനെ വന്നാൽ അത് പാവപ്പെട്ട ആദിവാസികൾക്കും കർഷകർക്കും പ്രയാസം സൃഷ്ടിക്കുമെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും കർഷക അനുകൂല സമീപനം സ്വീകരിക്കണമെന്ന ഗവൺമെന്റ് നിലപാടനുസരിച്ചുമാണ് അങ്ങനെയൊരു കാര്യം ചെയ്തിട്ടുള്ളത്. അതിലൊരു തെറ്റിദ്ധാരണയും വേണ്ട. എത്രമരം മുറിച്ചു; ഏത് മരം മുറിച്ചു എന്നുചോദിച്ചാൽ, മുട്ടിൽ മാത്രം പതിനാല് കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. കൃത്യമായ നഷ്ടം കിട്ടണമെങ്കിൽ ഇനിയും കണ്ടെടുക്കാനുള്ള മരങ്ങൾകൂടി കണ്ടെത്തി വിജിലൻസിന്റെകൂടി പരിശോധനയുടെ അടിസ്ഥാനത്തിൽ ക്ലിപ്തപ്പെടുത്തിയാൽമാത്രമേ പറയാൻ കഴിയൂ. അതുകൊണ്ട് ഇപ്പോൾ പറയുന്ന കണക്ക് യാഥാർത്ഥ്യമായിക്കൊള്ളണമെന്നില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിൻ പ്രകാരം കേരളത്തിലെ ആറ് ജില്ലകളിൽനിന്നായി ഏകദേശം 250 കോടി രൂപയുടെ മരംമുറിച്ച് കടത്തിയിട്ടുള്ളതായാണ് മനസ്സിലാക്കാൻ

സാധിച്ചത്. ഇത്രയും വലിയ മരം മുറി നടക്കുന്നതിനെ സംബന്ധിച്ച് തഹസിൽദാർ മുതൽ കളക്ടർമാർ വരെ യഥാസമയം വനം വകുപ്പിനെ അറിയിച്ചിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ അറിയിച്ചിട്ടും ഈ ഉത്തരവ് റദ്ദാക്കാൻ വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത് വനം വകുപ്പിന്റെ ഉത്തരവല്ല. ഇത് റവന്യൂ വകുപ്പിന്റെ ഉത്തരവാണ്. ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് തെറ്റായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരും മറ്റുള്ളവരും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 02-02-2021-ന് ആ ഉത്തരവ് റദ്ദാക്കിയത്.

ശ്രീ. സജീവ് ജോസഫ്: സർ, മുട്ടിൽ മരം മുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽനിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയല്ല റിപ്പോർട്ട് നൽകിയത്. ഇത് സ്വാഭാവികമായ ഭൂമിയിൽനിന്ന് മുറിച്ചതാണോയെന്ന് ഉറപ്പു വരുത്താത്തതുകൊണ്ട് അത് സർക്കാർ വനമാണെന്ന നിഗമനത്തിലാണ് ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടാൽ ഒന്നാം പ്രതി സെക്രട്ടേറിയറ്റും രണ്ടാംപ്രതി സെക്രട്ടേറിയറ്റ് നോക്കി നിൽക്കുന്ന മാധവരായർ പ്രതിമയും പ്രേരണാക്കുറ്റം ചെയ്തത് ഫയലുമാണെന്നു തോന്നും. അഴിമതിരഹിത ഗവൺമെന്റിന്റെ മുഖമുദ്രയാണ് ഈ മരംമുറി. മരംമുറി കേസിൽ ഇപ്പോൾ കൃഷിക്കാരെ ബലിയാടുകളാക്കി രക്ഷപ്പെടുന്നതിനുള്ള ശ്രമം നടക്കുകയാണ്. എന്റെ ചോദ്യം, മരം മുറിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന മുഴുവൻ കാര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ഒരന്വേഷണത്തിന് ഉത്തരവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ; വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇപ്പോൾ നടക്കുന്ന അന്വേഷണത്തിൽ ഗവൺമെന്റിന് യാതൊരു അസംതൃപ്തിയുമില്ല. എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റിന് തോന്നിയിട്ടില്ല. അത്തരത്തിൽ

തോന്നുന്നപക്ഷം മറ്റ് അന്വേഷണങ്ങളിലേയ്ക്ക് കടക്കുന്നതായിരിക്കും. ഇപ്പോൾ ഈ അന്വേഷണം പൂർത്തിയാക്കുകയാണ് ഉചിതം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇപ്പോൾ നടക്കുന്ന അന്വേഷണത്തെക്കുറിച്ച് ജനങ്ങൾക്ക് സംശയം മാത്രമേയുള്ളൂ. അന്വേഷണം അട്ടിമറിക്കാൻ വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടുനിന്നുവെന്ന് വകുപ്പിലെതന്നെ ഉന്നത ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും പരാമർശവുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഒരന്വേഷണത്തിന് സർക്കാർ നിർദ്ദേശിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അന്വേഷണം ദുർബ്ബലപ്പെട്ട് പോയിട്ടില്ല. സെക്രട്ടേറിയറ്റും അതിനുമുമ്പിലുള്ള പ്രതിമയുമല്ല പ്രതികൾ. അങ്ങനെയൊരു വ്യാഖ്യാനവും അതിന് വേണ്ട. ഓരോ കാര്യങ്ങളും വ്യക്തമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അന്വേഷണം ഫലപ്രദമല്ലായെന്ന സംശയം ബഹുമാനപ്പെട്ട അംഗത്തിന് ഉണ്ടായതിന് പിന്നിൽ എന്താണെന്ന് എനിക്കറിയില്ല. നല്ല നിലയിലുള്ള അന്വേഷണമാണ് നടത്തുന്നത്.

എന്തെങ്കിലും പോരായ്മകളുണ്ടെന്ന് വസ്തുനിഷ്ഠമായി കണ്ടെത്തിയാൽ മാത്രമേ മറ്റേതെങ്കിലും തരത്തിലുള്ള ആലോചനകൾ നടത്തുകയുള്ളൂ.

ശ്രീ. അൻവർ സാദത്ത്: സർ, 24.10.2020-ൽ റവന്യൂ വകുപ്പിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനംകൊള്ളക്കാർ മരംമുറിച്ച ഭൂമിയുടെ ഉടമസ്ഥരായ നിർദ്ധനരായ കർഷകർക്കെതിരെയും ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയും കേസ്സെടുക്കാൻ വനംവകുപ്പ് നിർദ്ദേശിച്ചിരുന്നോ; അങ്ങനെയുണ്ടെങ്കിൽ വനംകൊള്ളക്കാരെ സഹായിക്കുന്ന നടപടിയല്ലേയത്; ഇത് നല്ല നിലയിൽ പൂർത്തിയാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അനാവശ്യമായ വിവാദത്തിലേയ്ക്ക് ചോദ്യോത്തരവേള കൊണ്ടുപോകണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ദയവായി മെമ്പർ അത് മനസ്സിൽവയ്ക്കുക. ആദിവാസികളെയും പാവപ്പെട്ട കർഷകരെയും ബലിയാടാക്കിക്കൊണ്ട് ആരെയെങ്കിലും രക്ഷപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. ആദിവാസികളെയും പാവപ്പെട്ട കർഷകരെയും തെറ്റിദ്ധരിപ്പിക്കപ്പെട്ടവരെയും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ

തീരുമാനിക്കും. നിലവിലുള്ള വനം നിയമമനുസരിച്ച് ഭൂമിയുടെ ഉടമസ്ഥനും മരംമുറിച്ചയാളും ഒരുപോലെ കുറ്റക്കാരാണെന്ന നിയമമാണ് നിർഭാഗ്യവശാൽ ഇപ്പോൾ ഈ നിയമത്തിലുള്ളത്. നിയമലംഘനം നടത്തി ഒരു കേസ് രജിസ്റ്റർ ചെയ്താൽ അങ്ങനെ ചെയ്യുന്നതാണ് പ്രതികളെ സഹായിക്കാനുള്ള നടപടി. ആ നടപടിയിലേയ്ക്ക് പോകണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ദയവായി സർക്കാരിനോട് പറയരുത്.

ശ്രീ. യു. എ. ലത്തീഫ്: ഇപ്പോഴത്തെ അന്വേഷണ ഏജൻസിയെ മാറ്റി എൻ.സി.പി.-യും സി.പി.ഐ.-യും എന്ന രണ്ട് പാർട്ടികൾ അന്വേഷിച്ചാൽ മതിയെന്ന അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നേരത്തെ ബഹുമാനപ്പെട്ട മെമ്പർ അൻവർ സാദത്തിനോട് പറഞ്ഞതുപോലെ, ഇതിനെ മറ്റുതലത്തിൽ ഡൈവേർട്ട് ചെയ്ത് പ്രശ്നത്തിൽനിന്ന് ശ്രദ്ധതിരിക്കാൻ ദയവായി ശ്രമിക്കരുത്. ഇവിടെ പാർട്ടി അന്വേഷിക്കേണ്ട കാര്യങ്ങൾ പാർട്ടി അന്വേഷിക്കും. സർക്കാർ അന്വേഷിക്കേണ്ട കാര്യങ്ങൾ സർക്കാർ അന്വേഷിക്കും. ഓരോന്നിനും ഓരോ വ്യവസ്ഥയുണ്ട്. പറയുന്നതുകേട്ടാൽ നിങ്ങളുടെയൊന്നും ഒരു പാർട്ടിയിലും ആരും ഒരുകാര്യവും

അന്വേഷിച്ചിട്ടില്ലെന്ന് തോന്നും. എങ്ങനെ അന്വേഷിച്ചുവെന്ന കേസ് ഞാൻ എടുത്തുപറയുന്നില്ല. അതുകൊണ്ട് അതിലേയ്ക്ക് പോകാതെ നല്ല അന്തരീക്ഷത്തിൽ ഈ ചർച്ച നടക്കുന്നതാണ് നല്ലത്.

ശ്രീ. പി. കെ ബഷീറിനുപകരം ശ്രീ. പി. ഉബൈദുള്ള: സർ, ലോക്ക്ഡൗൺ കാലത്താണ് വയനാട്ടിലെ മുട്ടിൽനിന്ന് മുറിച്ച കോടിക്കണക്കിന് രൂപ വിലവരുന്ന മരം പെരുമ്പാവൂരിലേയ്ക്ക് കടത്തിയത്. അവിടെ എത്തുന്നതിനുമുമ്പ് എത്ര ചെക്ക്പോസ്റ്റുകൾ കടക്കണം. ഒരു ചെക്ക്പോസ്റ്റിലും ചെക്കിംഗ് നടന്നില്ല. കോടിക്കണക്കിന് രൂപയുടെ വിലവരുന്ന മരം വെട്ടിമുറിച്ച് ......

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: ചോദ്യത്തിലേയ്ക്ക് വരികയാണ്. വയനാട്ടിൽനിന്ന് എൽദോസ് പി. കുന്നപ്പിള്ളിലിന്റെ പെരുമ്പാവൂർ മണ്ഡലത്തിലേയ്ക്ക് എത്തണമെങ്കിൽ എത്ര ദൂരമുണ്ട്, അതിനിടയ്ക്ക് എത്ര ചെക്ക്പോസ്റ്റുകളുണ്ട്? ഒരു ചെക്ക്പോസ്റ്റിലും ചെക്കിംഗ് നടന്നിട്ടില്ല. അപ്പോൾ ഇത് സർക്കാരിന്റെ അറിവോടുകൂടി നടന്നിട്ടുള്ള വനംകൊള്ളയാണ് എന്നതിലൊരു സംശയവുമില്ല. അതുകൊണ്ട് ഇതിന്

ഉത്തരവാദികളായിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുകയാണ് വേണ്ടത്. അല്ലാതെ റൈറ്റ് ടു ഇൻഫർമേഷൻ ആക്ടിൽ ഒരാൾ വിവരം അന്വേഷിച്ചിട്ട് അതിന് ശരിയായ രീതിയിൽ മറുപടികൊടുത്ത ഉദ്യോഗസ്ഥർക്കെതിരെയല്ല നടപടിയെടുക്കേണ്ടത്.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, അങ്ങേയ്ക്ക് ചോദ്യമുണ്ടെങ്കിൽ ചോദിക്കൂ.

ശ്രീ. പി. ഉബൈദുള്ള: കള്ളക്കടത്തിനും മരംകൊള്ളയ്ക്കും കൂട്ടുനിന്നവർക്കെതിരായി എന്തുനടപടിയാണ് സർക്കാർ സ്വീകരിച്ചത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ പരിഹാസവാക്കുകൾ ഉപയോഗിക്കാൻ എല്ലാവർക്കും അറിയാമെന്നത് ആദ്യം മനസ്സിൽ വയ്ക്കണം. മരം നടന്നൊന്നുമല്ല വന്നത്. ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച പറ്റിയിട്ടില്ലെന്ന് ഞാൻ ഒരു ഉത്തരത്തിലും പറഞ്ഞിട്ടില്ല. അത് കണ്ടുതന്നെയായിരിക്കും, അറിഞ്ഞുതന്നെയായിരിക്കും വന്നിരിക്കുന്നത്. അതുകൊണ്ട് അന്വേഷണം നടത്തി, കുറ്റകൃത്യം കൃത്യമായി ബോദ്ധ്യപ്പെട്ട് തെളിഞ്ഞവരുടെ പേരിൽ നടപടിയെടുത്തുവരികയാണ്. തെളിയുന്ന മുറയ്ക്ക് മറ്റുള്ളവരുടെ പേരിൽ നടപടിയെടുക്കും.

ശ്രീ. കെ. പി. എ. മജീദ്: സർ, സി1-3/187/2019 എന്ന ഫയലിൽ ആരെങ്കിലും ഡിസെന്റ് നോട്ട് എഴുതിയിരുന്നോ; അതുസംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അക്കാര്യം പ്രത്യേകമായി ചോദിക്കണം.

ഡോ. എം. കെ. മുനീറിനുപകരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആസൂത്രിതമായി നടന്ന വനംകൊള്ളയാണിത്. നിലവിലുള്ള നിയമത്തിന് പത്താം മാസത്തിൽ ഒരു ഉത്തരവ് വരുന്നു. നാലുമാസംകൊണ്ട് മരം വെട്ടിമുറിച്ചതിനുശേഷം രണ്ടാം മാസത്തിൽ ആ ഉത്തരവ് ക്യാൻസലാക്കുകയും ചെയ്യുന്നു. രണ്ട് ഉത്തരവുകളും ഒരേ ഉദ്യോഗസ്ഥനായ ശ്രീ. എ. ജയതിലക്, ഐ.എ.എസ്. തന്നെയാണ് ഇറക്കിയത്. കേരള ചരിത്രത്തിൽ ഇന്നേവരെ ഒരു ഉത്തരവിൽ ഇങ്ങനെയുണ്ടായിട്ടില്ല. ഈ ഉത്തരവിനെതിരായി നിൽക്കുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന ഉത്തരവുകൂടിയാണിത്. മരംമുറിക്കെതിരെ നിന്നാൽ... അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസ്സാക്കുകയോ നേരിട്ട് തടസ്സപ്പെടുത്തുകയോ ചെയ്താൽ ഗുരുതരമായ കൃത്യവിലോപമായി

കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. അതിന് മന്ത്രി ഇവിടെ പറഞ്ഞ മറുപടിയെന്താണ്? ഉദ്യോഗസ്ഥൻ ഇത് മനസ്സിലാക്കാതെ എന്തെങ്കിലും ചെയ്തതാണെന്നാണ്. അത്തരത്തിൽ മനസ്സിലാകാത്ത ആൾക്കാരാണോ നമ്മുടെ ഉദ്യോഗസ്ഥർ. രണ്ട് ഉത്തരവുകളുടെ വ്യത്യാസം ഉദ്യോഗസ്ഥർക്ക് മനസ്സിലാകില്ലേ? ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തുന്ന ഉത്തരവ് കേരള ചരിത്രത്തിലാദ്യമാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ പെട്ടെന്ന് ചോദ്യം ചോദിച്ചാൽ മറ്റുള്ളവർക്കും അവസരം ലഭിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മരംമുറി ആസൂത്രിതമായി നടന്ന ഒരു കൊള്ളയാണെന്നുള്ളതിനുള്ള ഉദാഹരണമല്ലേ? ഇവിടെ റേഞ്ച് ഓഫീസറെ ഒരു സി.സി.എഫ്. പീഡിപ്പിച്ചുവെന്ന പരാതിയുണ്ട്.

മി. സ്പീക്കർ: ദയവായി ചോദ്യം ചോദിക്കൂ. (.......ബഹളം.....)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചോദ്യത്തിലേയ്ക്ക് വരണോ വേണ്ടയോ എന്ന് ചെയറിൽനിന്നാണ് പറയേണ്ടത്. അല്ലാതെ ഭരണപക്ഷമാണോ പറയേണ്ടത്. (.......ബഹളം.....)

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്യൂ...

ശ്രീ. എൻ. ഷംസുദ്ദീൻ: ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: അങ്ങോട്ട് അഡ്രസ്സ് ചെയ്താൽ പ്രകോപനങ്ങൾ അങ്ങോട്ടുമിങ്ങോട്ടുമുണ്ടാകും. ചെയറിനെ അഡ്രസ്സ് ചെയ്യൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ നമ്മൾ ആദ്യം കണ്ടത് ചോദ്യം നീണ്ടുപോകുന്നതിലും ഉത്തരം നീണ്ടുപോകുന്നതിലുമുള്ള അസന്തുഷ്ടിയാണ്. അത് സ്വാഭാവികമാണ്. കൂടുതൽ മെമ്പർമാർക്ക് അവസരം ലഭിക്കണമെന്നതന്നെയാണ് നമ്മുടെ എല്ലാവരുടെയും ആഗ്രഹം. അതുമായി സഹകരിക്കാതെ വന്നപ്പോഴാണ് പ്രശ്നമുണ്ടായത്. ദയവായി സഹകരിക്കുക. നാലഞ്ച് ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഏത് ചോദ്യത്തിനാണ് ഉത്തരം പറയേണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരളചരിത്രം ഞാൻ ഇതുമായി ബന്ധപ്പെട്ട് പരിശോധിച്ചിട്ടില്ല. അതുകൊണ്ട് കേരളചരിത്രത്തിൽ ഇതിനുമുമ്പ് എങ്ങനെയാണ് ഉണ്ടായിട്ടുള്ളതെന്ന് എനിക്കറിയില്ല. ഇതുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള ഉത്തരവുകൾ......

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ചോദ്യം ചോദിക്കുമ്പോൾ പരിഹസിക്കുകയാണോ? (……ബഹളം…….)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പൂർത്തിയാക്കിക്കോളൂ. (……ബഹളം…..) ദയവായി ഇരിക്കൂ. (……ബഹളം…..) ദയവായി ഇരിക്കൂ. ചോദ്യം ഇനിയും ചോദിക്കാനുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദയവായി അംഗങ്ങൾ ശ്രദ്ധിക്കേണ്ടത് അദ്ദേഹം ചോദിച്ച കാര്യങ്ങൾക്കാണ് എന്റെ മറുപടി. അദ്ദേഹം ചോദിക്കാത്ത കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞിട്ടില്ല. അദ്ദേഹം സഭയിൽ ചോദിച്ചു. അദ്ദേഹം എന്നോട് ചോദിച്ചത് ചരിത്രത്തിൽ ഇങ്ങനെയൊന്ന് ഉണ്ടായിട്ടുണ്ടോയെന്നാണ്. ചരിത്രത്തിൽ അങ്ങനെ ഉണ്ടായിട്ടുണ്ടോ എന്ന് എനിക്കറിയില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം ചോദിച്ചാൽ എനിക്ക് അറിയില്ല എന്നുപറയണ്ടേ. അതുകൊണ്ട് അദ്ദേഹം ചോദിച്ചതുപോലെ ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്തതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്നാണ് ഉത്തരവ് റദ്ദാക്കിയിട്ടുള്ളത്. അത് യഥാസമയംതന്നെയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ അതിൽ സർക്കാരിന് ചെയ്യാവുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങളുൾപ്പെടെ പലരും ചോദ്യംചോദിക്കാൻ ആവശ്യമുന്നയിച്ചിട്ടുണ്ട്. എല്ലാവർക്കും അവസരം കൊടുക്കണമെന്ന നിലയ്ക്കാണ് ചെയർ ഇടപെടുന്നത്. അപ്പോൾ ദയവുചെയ്ത് നീണ്ട....... നിങ്ങൾക്ക് മറ്റാർക്കും അവസരം കിട്ടരുതെന്നുണ്ടോ? അങ്ങനെ സംസാരിക്കരുത്. നീണ്ട രാഷ്ട്രീയ പ്രസ്താവന നടത്താനുള്ള അവസരമായി ഉപചോദ്യങ്ങളെ മാറ്റരുത്. ദയവായി ചെയറുമായി സഹകരിക്കുക.

(ചോദ്യം ചോദിക്കാനായി ശ്രീ. സണ്ണി ജോസഫിനെ ബഹു. സ്പീക്കർ വിളിച്ചെങ്കിലും അദ്ദേഹം സീറ്റിലുണ്ടായിരുന്നില്ല)

ശ്രീ. റോജി. എം. ജോൺ: പല വിഷയങ്ങളും വകുപ്പുമന്ത്രി അറിയുന്നുണ്ടോയെന്നുള്ള സംശയമാണ് കേരളത്തിലെ ജനങ്ങൾക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. റവന്യൂ വകുപ്പ് 24-10-2020-ന് പുറത്തിറക്കിയ തെറ്റായ ഉത്തരവിന്റെ മറവിൽ കേരളത്തിൽ നടന്ന വനംകൊള്ളയെക്കുറിച്ച് ഫോറസ്റ്റിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിന്റെ പേരിൽ ഏതെങ്കിലും ഉന്നത ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെതിരെ നടപടി ശിപാർശ ചെയ്തതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി വൈകുന്നത് എന്തുകൊണ്ടാണ്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോയെന്നാണ്. അന്വേഷണം നടത്തിയിട്ടുണ്ട്. ചീഫ് ഫോറസ്റ്റ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ കേരളത്തെ രണ്ടായി വിഭജിച്ച് രണ്ട് മേഖലതിരിച്ചും, അഞ്ച് മേഖലയായി തിരിച്ച് അതിന്റെ താഴെ അഞ്ച് സ്പെഷ്യൽ ടീമിനേയും നിയോഗിച്ചുകൊണ്ടുള്ള ഒരു അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിൽ അവർ കണ്ടെത്തിയ നിഗമനങ്ങൾ റിപ്പോർട്ടായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് സ്പെഷ്യൽ ടീമിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയെ പ്രകോപിതനാക്കാൻ വേണ്ടിയിട്ടല്ല പ്രതിപക്ഷം ചോദ്യങ്ങൾ ഉന്നയിക്കുന്നത്. അങ്ങയുടെ നന്മയ്ക്കും ഭാവിയിൽ കള്ളന് കഞ്ഞിവച്ചവൻ എന്ന ചീത്തപ്പേര് ഉണ്ടാകാതിരിക്കാനും വേണ്ടിയിട്ടാണ്. റവന്യൂ വകുപ്പിന്റെ 24-10-2020-ലെ ഉത്തരവിനെ തുടർന്ന് അനധികൃതമായി മുറിച്ചുമാറ്റിയ

ഈട്ടി മരങ്ങളുടെ എണ്ണം വിജിലൻസ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുണ്ടോ; പാലക്കാട്ടെ മണ്ണാർക്കാട് റേഞ്ചിൽനിന്നുമാത്രം 4000 മരങ്ങളും അഗളി റേഞ്ചിൽനിന്ന് 3500 മരങ്ങളും കടത്തിയെന്ന കണക്കുകൾ പുറത്തുവരുമ്പോൾ വനം വിജിലൻസ് വിഭാഗം കണക്കുകൾ കുറച്ചുകാണിക്കുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അവിടെ കണക്കുകൾ കുറയ്ക്കാനോ കൂട്ടാനോ ഗവൺമെന്റ് ശ്രമിക്കുന്നില്ല. കണക്ക് തെറ്റാൻ പാടില്ല, ഒന്ന്, രണ്ട്, മൂന്ന് എന്നല്ലാതെ ഒന്ന്, മൂന്ന്, അഞ്ച് എന്നല്ലല്ലോ; കണക്കുകൾ കണക്കുകൾ തന്നെയായിരിക്കും. കൃത്യമായ കണക്കെടുത്ത്, ഈ പറയുന്നകാര്യങ്ങളൊക്കെ ശരിയാണോയെന്ന് ഉറപ്പുവരുത്താനാണ്, കൃത്യത വരുത്തുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുള്ളത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വയനാട്ടിലെ കൃഷിക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് അറിയാത്തവരല്ല ഞങ്ങൾ. പക്ഷേ മന്ത്രിമാരെങ്കിലും അവിടെ പോയി ground reality ഒന്ന് അന്വേഷിക്കണം. ഒരു കൃഷിക്കാരനും തങ്ങളുടെ പറമ്പിലുള്ള ഓരോ മരം മുറിക്കണമെന്ന് വിചാരിച്ച് വിറ്റതല്ല അത്.

മരക്കച്ചവടക്കാർ ബത്തേരി-കൽപ്പറ്റ റോഡിന്റെ വലതുഭാഗത്തും ഇടതുഭാഗത്തുമൊക്കെ ചെന്ന് അവിടെയുള്ള കൃഷിക്കാരായ, ആദിവാസികളായ, നിരക്ഷരരായ ആളുകളോട് നിങ്ങളുടെ മരത്തിന് നല്ലവില കിട്ടുമെന്ന് പറഞ്ഞു. എന്നിട്ട് എത്ര തുക അവർക്ക് കൊടുത്തു, ഒന്നും കൊടുത്തിട്ടില്ല. അങ്ങനെ നടന്നുമുറിച്ച് ഇവിടെനിന്ന് സ്പെഷ്യൽ ഓർഡർ കൊടുത്ത് അതിനനുസരിച്ച് പ്ലാൻ ചെയ്ത് അവിടെ പോയി മുറിച്ച ഒരു സംഭവമാണ്. മന്ത്രിമാർ അവിടെ പോയിട്ടില്ലെങ്കിലും ഇത്രയും വലിയ ഒരു കൊള്ളയെക്കുറിച്ച് ഒന്ന് അന്വേഷിക്കുകയെങ്കിലും വേണ്ടേ; അഞ്ച് ലക്ഷം രൂപയുടെ മരത്തിന് അയ്യായിരം രൂപകൊടുത്ത് ആദിവാസികളെ പറ്റിച്ച് നടന്ന് മുറിച്ച് കട്ടെടുത്ത ഒരു വിഷയമാണിത്. മന്ത്രിമാർ എത്ര ലളിതമായാണ് ഇത്ര ഗൗരവമുള്ള വിഷയം സംബന്ധിച്ച് പറയുന്നത്. മന്ത്രി പറയുന്നത് കുറ്റക്കാരായ ആളുകൾ ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഞങ്ങളല്ല ഉത്തരവാദികൾ എന്നുമാണ്. ആയിരിക്കാം; പക്ഷേ എത്ര ഗൗരവം കുറച്ചാണ് പറയുന്നത്. സ്പെഷ്യൽ ഓർഡർ കയ്യിൽവച്ച് അവിടെ ചെന്ന് നല്ല ഈട്ടിയുണ്ട്, വീട്ടിയുണ്ടെന്ന് പറഞ്ഞ് നടന്ന് കട്ടെടുത്ത് കൊണ്ടുപോയ കേസാണിത്. എന്നിട്ടാണോ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് ലളിതമായിട്ടല്ല ഗവൺമെന്റ് കണ്ടിട്ടുള്ളത്. വളരെ ഗൗരവത്തിൽ അന്വേഷിക്കേണ്ട ഒരു പ്രശ്നമായിട്ടുതന്നെയാണ് ഗവൺമെന്റ് കണ്ടിട്ടുള്ളത്. Ground reality പരിശോധിക്കണം, പഠിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം നിയമസഭ സാമാജികൻ എന്നുള്ളനിലയിൽ എനിക്കിന്ന് കിട്ടിയ നല്ല ഒരു ഉപദേശമാണ്. ആ ഉപദേശത്തിന് ഞാൻ നന്ദി പറയുന്നു. ഞാൻ അത് പരിശോധിക്കാം, കൂടുതൽ ശ്രദ്ധിക്കാം. പക്ഷേ ഇത് ലാഘവബുദ്ധിയോടുകൂടിയല്ല കാണുന്നത്. അങ്ങ് പറഞ്ഞതുപോലെ ആദിവാസികളെ, നിരക്ഷരരായ കർഷകരെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. ഇതൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ അറിവുണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കണമെന്ന നിർദ്ദേശം ഒരിക്കലും തള്ളിക്കളയേണ്ടതല്ല. സദുദ്ദേശത്തോടുകൂടി അങ്ങ് പറഞ്ഞതാണത്, തീർച്ചയായും ഞാൻ മനസ്സിൽ വച്ച് പ്രവർത്തിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സംസ്ഥാന ഗവൺമെന്റിന് ഉണ്ടായിരിക്കുന്നത്. ഇത് വളരെ ലാഘവത്തോടെ

കാണാൻകഴിയുന്ന ഒരു കാര്യമല്ല. വയനാട് കളക്ടർ ഈ ഉത്തരവ് വന്നതിനുശേഷം എന്താണ് ഗവൺമെന്റിലേയ്ക്ക് എഴുതിയത്? വയനാട് കളക്ടർ അയച്ചകത്തിനെപ്പോലും മാറ്റിവച്ചുകൊണ്ടാണ് അവിടെ മരം മുറിക്കാർക്ക് സൗകര്യം ചെയ്തുകൊടുത്തത്. ഇതുപോലെ നഗ്നമായ ഒരു വനംകൊള്ള കേരളത്തിന്റെ ചരിത്രത്തിൽ അടുത്തകാലത്തെങ്ങുമുണ്ടായിട്ടില്ല. നമ്മൾ കാണേണ്ട ഒരു കാര്യം ഈ വനംകൊള്ളക്കാരെ എന്തുചെയ്തു. അവരിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ, ചോദ്യം ചെയ്തോ; ഭരണത്തിന്റെ ഉന്നതതലങ്ങളിൽ സ്വാധീനമുള്ളതുകൊണ്ട് അവർ ഇപ്പോഴും, they are scot-free. അവർ വെറുതെ നടക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; ഉദ്യോഗസ്ഥരുടെ പേരിലുള്ള അന്വേഷണം നടക്കുന്നതല്ലാതെ ഈ മരം കൊണ്ടുപോയ ആളുകളുടെ പേരിൽ എന്ത് നടപടിയുണ്ടായി; അവരെ അറസ്റ്റുചെയ്തോ; ചോദ്യം ചെയ്തോ; കോടതിയിൽ മുൻകൂർ ജാമ്യത്തിന് വന്നപ്പോൾ ഗവൺമെന്റ് അവർക്ക് കൂട്ടുനിന്നില്ലേ? നഗ്നമായ ഒരു കൊള്ളയാണ് നടന്നത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ കൈകൾ ശുദ്ധമാണെങ്കിൽ ഈ കാര്യത്തിൽ അടിയന്തരമായ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് അങ്ങ്

തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സമാനമായ ചോദ്യം നേരത്തെവന്നപ്പോൾ, ഇപ്പോൾ മറ്റേതെങ്കിലും തരത്തിലുള്ള അന്വേഷണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ല എന്നാണ് ഞാൻ അതിന് പറഞ്ഞിട്ടുള്ള മറുപടി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിലവിലുള്ള എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ടാണ് ഈ നടപടികളെല്ലാം നടന്നത്. കേരള ഫോറസ്റ്റ് ആക്ടിന്റെ ലംഘനമുണ്ട്, ഇന്ത്യൻ ഫോറസ്റ്റ് ആക്ടിന്റെ ലംഘനമുണ്ട്, അതോടൊപ്പം നിലവിലുള്ള ചട്ടങ്ങൾക്ക് എതിരായിട്ടുള്ള നടപടികളുമുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ചോദിച്ചതുപോലെ അതിന് കൂട്ടുനിന്നിട്ടുള്ള രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന്, അഡ്മിനിസ്ട്രേറ്റീവ് ലൈനിൽ സെക്രട്ടേറിയറ്റിലുള്ള ഒരു വിഭാഗം. രണ്ട്, അതിന് പുറത്തുള്ള മരംകൊള്ളക്കാർ. മരംകൊള്ളക്കാർ ഇപ്പോൾ സർവ്വതന്ത്ര സ്വതന്ത്രരായി നടക്കുകയാണ്. അവർക്കെതിരെ ഒരു നിയമ നടപടിയും ഉണ്ടായിട്ടില്ല. അവർക്കെതിരായി നിയമ നടപടി എടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ്

അടിയന്തരമായി നീങ്ങുമോ; ഇതുവരെ എടുത്തിട്ടുള്ള നടപടി എന്താണെന്ന് ഇവിടെ അറിയിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിലെ പ്രതികൾ എന്നുപറയുന്നവർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ നിഗമനം ലഭിക്കുന്നതിന് അനുസരിച്ച് അവരുടെ തീരുമാനത്തിന് അനുസരിച്ചുമാത്രമേ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയൂയെന്ന് പരിണിതപ്രജ്ഞനായ അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മന്ത്രിക്ക് ചരിത്രം അറിയുമോ ഇല്ലയോ എന്ന് എനിക്ക് അറിയില്ല. കേരള ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ വനംകൊള്ളയാണ് ഇവിടെ നടന്നത്. അദ്ദേഹം പറഞ്ഞതനുസരിച്ച് വയനാട്ടിൽ നിന്നുമാത്രം 14 കോടി രൂപയുടെ മരം മുറിച്ചു. ഒൻപത് ജില്ലകളിൽ നിന്നായി വയനാടിനെക്കാൾ കൂടുതൽ മരം മുറിച്ച ജില്ലകളുണ്ട്. നൂറുകണക്കിന് കോടി രൂപയുടെ മരംകൊള്ള സംസ്ഥാനത്ത് നടന്നിരിക്കുന്നു. 2020 ഒക്ടോബർ 24-ാം തീയതി ഇറങ്ങിയ വിവാദ ഉത്തരവ് ഉപയോഗിച്ചുകൊണ്ട്, മരം മുറിക്കുന്നതിനുള്ള

ലൈസൻസായിരുന്നു ആ സർക്കാർ ഉത്തരവ്. മരം മുറിക്കാൻ അനുവാദം നൽകുന്ന സർക്കാർ ഉത്തരവ് 2005-ലെ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നു. അതിൽ ആറാം വകുപ്പിന്റെ ആദ്യഭാഗം ഉദ്ധരിച്ചിരിക്കുന്നത്, ചന്ദനം ഒഴിച്ചുള്ള എല്ലാ മരങ്ങളും നിങ്ങളുടെ സ്ഥലങ്ങളിൽനിന്ന് മുറിച്ചെടുക്കാമെന്ന് 2005-ലെ നിയമത്തിൽ പറയുന്നുണ്ടെന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാൽ ആ ഉത്തരവ് മന:പൂർവ്വം മറച്ചുവയ്ക്കുന്നു, ആറാം വകുപ്പിന്റെ രണ്ടാം ഭാഗത്തിൽ മരം മുറിക്കാമെന്ന് ഒരു proviso പറയുന്നുണ്ട്. 'സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ ഒരുകാരണവശാലും മുറിക്കാൻ പാടില്ലെന്ന്' അതിന്റെ proviso രണ്ടാം ഭാഗത്ത് പറയുന്നത് മന:പൂർവ്വമായി ഈ സർക്കാർ ഉത്തരവിൽ മറച്ചുവച്ചു. സർക്കാർ ഉത്തരവ് അക്ഷരാർത്ഥത്തിൽ മരം മുറിക്കാൻ അനുവാദം നൽകുന്ന ഉത്തരവാണ്. അതിനുശേഷം ആ മരംമുറി തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കൃത്യവിലോപത്തിനെതിരായി നടപടി സ്വീകരിക്കുമെന്ന ഒരു വാചകം കൂടി എഴുതിച്ചേർത്തുവച്ച് സംസ്ഥാനത്ത് മരം മുറിക്കുന്നതിന് കൊടുത്ത ലൈസൻസാണ്. ആ ഉത്തരവ് ഉണ്ടാക്കുന്നതിനുവേണ്ടി ഗൂഢാലോചന നടത്തിയത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി, അന്നത്തെ വനം വകുപ്പുമന്ത്രി, ഈ ഉത്തരവ് ഇറക്കിയ റവന്യൂ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരാണ്. ആ പ്രിൻസിപ്പൽ സെക്രട്ടറി ഇപ്പോഴും ആ സ്ഥാനത്തിരുന്നുകൊണ്ട് ഇങ്ങനെയൊരു നിയമവിരുദ്ധമായ എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കരുതെന്ന് പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലം മാറ്റി. എഴുതിക്കൊടുത്ത അഡീഷണൽ സെക്രട്ടറിയെ സ്ഥലം മാറ്റി, മറ്റൊരു അണ്ടർ സെക്രട്ടറിക്കെതിരായി പ്രതികാരനടപടികൾ സ്വീകരിക്കുന്നു. ഈ കൊള്ളയ്ക്ക് കൂട്ടുനിന്ന് ഉത്തരവ് ഇറക്കിയ ഇപ്പോഴത്തെ പ്രിൻസിപ്പൽ സെക്രട്ടറി, അന്നത്തെ വനം വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവർക്കെതിരെ പ്രതിചേർത്ത് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രതിപക്ഷ നേതാവ് പറഞ്ഞ എല്ലാ കാര്യങ്ങളെയും എനിക്ക് ഒന്നൊന്നായി പറയാൻ സാധിക്കില്ല. ധാരാളം കാര്യങ്ങൾ അംഗം ചോദിക്കുകയുണ്ടായി. ജുഡീഷ്യൽ അന്വേഷണത്തെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളം കണ്ട ഏറ്റവും വലിയ വനം കൊള്ളയിൽ ഒരു അന്വേഷണവും നടത്താതെയും പ്രതികളെ അറസ്റ്റ് ചെയ്യാതെയും മുഴുവൻ ആളുകളെയും രക്ഷപ്പെടുത്താനും പാവപ്പെട്ട

കർഷകരെയും ആദിവാസികളെയും കേസ്സിൽ കുടുക്കാനും രാഷ്ട്രീയ യജമാനന്മാരെ രക്ഷിക്കാനുമുള്ള ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ വീണ്ടും ഹാജരായി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തിന്റെ ഘട്ടത്തിൽ മറ്റൊരു നടപടിയുമായി പോകാൻ ഉദ്ദേശിക്കുന്നില്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. ആ അന്വേഷണം ഫലപ്രദമായി നടക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആരൊക്കെയാണോ ഇതിൽ തെറ്റ് ചെയ്തിട്ടുള്ളത് അവരെയൊക്കെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകുകയില്ല. രാഷ്ട്രീയ കാര്യത്തിന് വേണ്ടിയല്ല ഞാനിത് ഉപയോഗിക്കുന്നത്. തെറ്റ് ചെയ്തവരെ ശിക്ഷിക്കാനുള്ള നടപടിയാണ് സൂക്ഷ്മതയോടുകൂടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ ഗവൺമെന്റ്

നടപടികൾ ത്വരിതഗതിയിലുണ്ടാകും. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. റവന്യൂ വകുപ്പുമായി ആലോചിച്ച് അത് പുനഃപരിശോധിച്ച് ഏകീകൃത നിയമം കൊണ്ടുവരാനാവശ്യമായ നിലപാട് സ്വീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്? തങ്ങൾക്ക് ലഭിച്ച പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കാൻ സർക്കാരിന്റെ അനുമതി വേണമെന്നതന്നെയാണ് ജനങ്ങൾ ഇപ്പോൾ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ചോദിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഗവൺമെന്റിന്റെ താൽപ്പര്യം നിരപരാധികൾ ശിക്ഷിക്കപ്പെടരുത്, കർഷകരുടെ അവകാശങ്ങൾ ഹനിക്കരുത് എന്നാണ്. ഈ ഉത്തരവ് ഇറക്കിയ കാലത്ത് കർഷകരുടെ താൽപ്പര്യങ്ങൾ ഹനിക്കുന്നു എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് നിരവധി ആലോചനായോഗങ്ങളും

സർവ്വകക്ഷി യോഗങ്ങളും നടന്നു. ആ യോഗങ്ങളുടെയൊക്കെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് പരിശോധിക്കേണ്ടി വന്നിട്ടുള്ളത്. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അത് വ്യക്തമാക്കിയിട്ടുണ്ട്. സാഹചര്യം അതായിരുന്നു. ആ സാഹചര്യത്തിൽ കർഷക താൽപ്പര്യമാണ് ഞങ്ങൾ മുന്നിൽ കണ്ടത്. ആ കർഷക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ നടത്തണമെന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കേണ്ടത് റവന്യൂ വകുപ്പിൽനിന്നാണ്. തീർച്ചയായും ആ നീക്കങ്ങൾ റവന്യൂ വകുപ്പ് നടത്തിവരുന്നുണ്ടെന്നാണ് അറിഞ്ഞത്. അക്കാര്യം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നാളെ അദ്ദേഹത്തിന്റെ ചോദ്യോത്തരവേളയിൽ വ്യക്തമാക്കും എന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ സംക്ഷിപ്തമായിട്ടുള്ള ചോദ്യമാണ് ചോദിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അന്വേഷിക്കുമോ എന്ന രീതിയിലൊക്കെ ഇവിടെ മഞ്ചേരി നിയോജകമണ്ഡലം അംഗം പറഞ്ഞു. ഒരു തെറ്റിദ്ധാരണയുടെ പേരിലാണ് അങ്ങനെ പറയുന്നത്. കാരണം മടിയിൽ കനമില്ലാത്ത, വളരെ സത്യസന്ധമായി കാലമിത്രയും

പ്രവർത്തിച്ചിട്ടുള്ളതുകൊണ്ടാണ് വളരെ ധൈര്യമായി ഏത് അന്വേഷണത്തിനും ഓർഡറിടുകയും അന്വേഷണം കാര്യക്ഷമമായി നടക്കുകയും ചെയ്യുന്നത്. അത് പ്രതിപക്ഷത്തേയ്ക്ക് നീളും എന്നുള്ളതുകൊണ്ടാണ് അവർ ഉത്തരം കേൾക്കാൻ തയ്യാറാകാതെ പോയത്. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാര്യം പറഞ്ഞപ്പോൾ, എനിക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ. പാലാരിവട്ടവും ഇഞ്ചികൃഷിയും സ്വർണ്ണക്കടത്തും നൂറുകോടി ക്ലബ്ബിൽ സ്വർണത്തിന്റെ പേരിൽ കയറിയ എം.എൽ.എ.-മാരും കത്വ ഫണ്ടും സുനാമി ഫണ്ടും..... ഇങ്ങനെ നിരവധി ഫണ്ട് തട്ടിപ്പും അഴിമതിയും നടത്തിയത് സ്വന്തം പാർട്ടി, മുസ്ലിം ലീഗ് അന്വേഷിച്ച് വെളുപ്പിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെങ്കിൽ ഇടതുപക്ഷവും അങ്ങനെയാണ് എന്ന തെറ്റിദ്ധാരണകൊണ്ടായിരിക്കാം അവർ പറഞ്ഞത്. അതൊക്കെ അവർ അന്വേഷിക്കട്ടെ. എനിക്ക് ചോദിക്കാനുള്ളത് ഒറ്റ ചോദ്യമാണ്. ഈ കേസിന്റെ പേരിൽ അന്വേഷണം നന്നായി നടക്കുന്നു. ഉദ്യോഗസ്ഥർ ഇതിന് പിന്നിലുള്ള ആളുകളെ പിടിക്കുന്നു. അതിൽ രാഷ്ട്രീയ നേതൃത്വത്തിലുള്ള ചില ആളുകളോട് ബന്ധമുള്ള, പ്രതിപക്ഷത്തുള്ള ആളുകളോട് ബന്ധമുള്ള ആളുകളും ഉണ്ടെന്ന് പറയപ്പെടുന്നു. അവരെയും

അധികം വൈകാതെ പിടിക്കാൻ പോകുകയാണ്. വനമേഖലയിൽ പരിസരത്തുള്ള കർഷകരെ മുഖവിലയ്ക്കെടുത്തുകൊണ്ട് പുതിയ തരത്തിൽ വന സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു വനം നയം രൂപീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് സൂചിപ്പിച്ച എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയേണ്ടതില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. അവസാനം സൂചിപ്പിച്ചത്, കർഷക താൽപ്പര്യം സംരക്ഷിക്കുന്നതിന് അനുഗുണമായ ഒരു നിയമനിർമ്മാണം സർക്കാർ നടത്തുമോ എന്നാണ്. അത് വേണ്ടിവരും എന്നുതന്നെയാണ് ഇപ്പോൾ സർക്കാർ എത്തിയിട്ടുള്ള നിഗമനം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, മുട്ടിൽ മരംമുറിയുടെ പേരിൽ പുകമറ സൃഷ്ടിച്ചുകൊണ്ട്, കർഷകർ പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് കഴിയാത്ത ഒരു സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിക്കുന്ന പ്രതിപക്ഷത്തിന്റെ കർഷകദ്രോഹ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിപക്ഷത്തിന്റെ നിലപാട് അവരാണ് തീരുമാനിക്കേണ്ടത്. ഓരോ പാർട്ടിയും എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് ഞാൻ ഒരു അഭിപ്രായ പ്രകടനം നടത്തുന്നത് ഉചിതമായിരിക്കില്ല.

**തീരസംരക്ഷണ പ്രവർത്തനങ്ങൾ**

(*32) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ തീരം സംരക്ഷിക്കാനായി ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തി വരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്തിന്റെ ദൈർഘ്യം ഏറെയാണെന്നതും കരിങ്കല്ലിന്റെ ലഭ്യതക്കുറവും മുൻനിർത്തി കരിങ്കൽ ഭിത്തിക്ക് ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് സ്ഥാപിച്ചതിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ജിയോബാഗ് ഉപയോഗിച്ചുള്ള

കടൽഭിത്തി നിർമ്മാണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിൽ കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. ഇന്നത്തെ

പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി National Centre for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തി തീരസംരക്ഷണ പ്രവൃത്തികൾ ചെയ്യുവാൻ തീരുമാനിച്ചു. രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 10 കോടി രൂപയും ജലസേചന വകുപ്പിലെ നോൺ പ്ലാൻ ഫണ്ടിൽനിന്നും 2.69 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തിവരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. കൂടാതെ 13-07-2021-ലെ സ.ഉ(സാധാ)നം.365/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം ഗ്രോയിൻസ് നിർമ്മിക്കുന്നതിനുള്ള 88.129 കോടി

രൂപയുടെ 4 പ്രവൃത്തികൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

(ബി) കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ സംരക്ഷിക്കപ്പെടേണ്ട തീരപ്രദേശത്തിന്റെ ദൈർഘ്യം കൂടുതൽ ആയതിനാലും കല്ലിന്റെ ലഭ്യതക്കുറവുമൂലവും കല്ലിന് ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2021 മെയ് 24, 25 തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന യോഗങ്ങളിൽ കടലാക്രമണ പ്രതിരോധം ഈ മന്ത്രിസഭയുടെ പ്രഥമ പരിഗണനയിലുള്ള വിഷയമാണെന്ന് പ്രഖ്യാപിക്കുകയും ടെട്രാപോഡ് പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി അടിയന്തരമായി

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും തീരുമാനിച്ചു. ഇതേത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ മറ്റ് പ്രദേശങ്ങളിൽ തീരത്തിന്റെ ഘടനയ്ക്ക് അനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി. ആർ.) മുഖേന പഠനം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പഠനത്തിലെ നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റ് soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 8 കോടി രൂപയുടെ 5 പ്രവൃത്തികളാണ് (1000 മീറ്റർ നീളം)

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തി വളരെ പ്രയോജനകരമായി കണ്ടു. ഇതിന്റെ സമീപത്തുള്ള വീടുകൾക്ക് കാര്യമായ ക്ഷതം സംഭവിച്ചതായി കാണാൻ കഴിഞ്ഞില്ല. കാലാവസ്ഥയും മണലിന്റെ ദൗർലഭ്യവും കാരണം ജിയോ ട്യൂബിന്റെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമെന്നോണം ജിയോ ട്യൂബ് നിറയ്ക്കുവാനാവശ്യമായ മണൽ മറ്റ് സ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്നതിന്റെ സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്. ജിയോ ബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം കടൽക്കയറ്റത്തിനെ പ്രതിരോധിക്കുവാനുള്ള ഒരു താൽക്കാലിക സംരക്ഷണ പ്രവൃത്തിയാണ്. എന്നാൽ കടൽക്ഷോഭം രൂക്ഷമാകുന്ന വേളയിൽ ടി ജിയോ ബാഗുകൾക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നതായും അവ താഴ്ന്ന് പോകുന്നതായും കാണപ്പെടുന്നു. ആയതിനാൽ കടലാക്രമണം തടയുന്നതിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ പ്രസ്തുത പ്രവൃത്തി അവലംബിക്കാൻ സാധിക്കുകയില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വർഷങ്ങളായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ശാശ്വത പരിഹാരം കാണാൻ

കഴിയാത്ത ഒരു വിഷയമാണ് തീരദേശ സംരക്ഷണം. സാധാരണയായി കരിങ്കൽ ഭിത്തിയും ജിയോ ബാഗുമൊക്കെയാണ് ഉപയോഗിക്കുന്നത്. തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരുപാട് മാർഗ്ഗങ്ങൾ പറയുന്നതിലൊന്ന് ഒരു സ്റ്റീൽ മറൈൻ പൈൽ സ്ഥാപിച്ചുകൊണ്ട് വേവ് ഡിഫ്ളക്ടർ ഉപയോഗിച്ച് തിരമാലകളുടെ ഊർജ്ജം കുറച്ച് തീരം സംരക്ഷിക്കാം എന്നുള്ളതാണ്. മറ്റൊന്ന്, ചില പ്രത്യേക തരത്തിലുള്ള പുല്ലുകൾ തീരദേശത്ത് നട്ടുവളർത്തിക്കൊണ്ട്, വെജിറ്റേഷൻ എന്ന രീതിയിൽ കടലാക്രമണം തടയാമെന്നും കണ്ടെത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകത അനുസരിച്ച് മാത്രമാണ് ഈ രീതി ഉപയോഗിക്കുവാൻ സാധിക്കുന്നത്. കേരളത്തിലെ തീരങ്ങളുടെ ഒരുപാട് പഠനങ്ങൾ നടത്തിയിട്ടുണ്ട്. വസ്തുതാപരവും വ്യക്തവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിനനുസരിച്ച് തീരദേശ സംരക്ഷണത്തിനുള്ള ഒരു പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രസക്തമായ ഒരു വിഷയമാണ്. നിലവിൽ ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ കൊണ്ടുമാത്രം തീരദേശ സംരക്ഷണം ഫലപ്രദമായ രീതിയിൽ ചെയ്യുവാൻ

കഴിയില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വ്യത്യസ്ത മേഖലകളിൽ വിവിധ തരത്തിലുള്ള പ്രവൃത്തികൾ അനിവാര്യമാക്കേണ്ടതുണ്ട്. നിലവിലുള്ള പഠനങ്ങൾ വ്യക്തമാക്കുന്നതുമതാണ്. തീരദേശസംരക്ഷണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ഏകദേശം 206 കിലോമീറ്ററിൽ 108 കിലോമീറ്റർ ദൂരം പ്രകൃതിയാൽതന്നെ സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. ശേഷിച്ച **101** കിലോമീറ്ററിൽ, ചെല്ലാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. 344 കോടി രൂപയുടെ ഭരണാനുമതി കൊടുക്കുക എന്നുള്ളത് ടെട്രാപോഡ് ഉപയോഗിച്ചുള്ള നിർമ്മാണത്തിനാണ്. എല്ലാ മേഖലയിലും അങ്ങനെ വേണമെന്ന് നിർബന്ധമില്ല. നാച്ചുറലായി സംരക്ഷിക്കപ്പെടുന്ന പ്രദേശങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലുള്ള നിർമ്മാണം ഏതാണോ എന്നുള്ളതിനെക്കുറിച്ച് വിശദമായ പഠനം നടത്തി, ഗവൺമെന്റ് ചെലവഴിക്കുന്ന പണം പ്രായോഗികമായ നിലനിൽപ്പിന് അനിവാര്യമാണെന്ന് ചിന്തിച്ചുകൊണ്ട് കൃത്യമായി പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കടലാക്രമണത്തിന്റെ ഭാഗമായി അനുബന്ധമായി വരുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് തീരദേശവാസികളുടെ പുനരധിവാസം. ഓരോ തവണയും കടലാക്രമണമുണ്ടാകുമ്പോൾ അവരെ താല്ക്കാലികമായി മാറ്റി പാർപ്പിക്കുകയും അവർക്ക് സ്ഥായിയായിട്ടുള്ള പുനരധിവാസത്തിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. തീരദേശത്ത് ഇത്രയും ആളുകൾ താമസിക്കുന്നുണ്ട്. അവരെ കടലിന്റെ ആക്രമണമുണ്ടാകുന്ന പരിധിയിൽ നിന്ന് കുറച്ചകലെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. കുറച്ച് വിഷമമുള്ള കാര്യമാണ്. കടലിന്റെ അടുത്തുനിന്ന് മാറിപ്പോകുവാൻ മത്സ്യത്തൊഴിലാളികൾ സ്വമേധയാ ഇഷ്ടപ്പെടില്ല. അവർ മാനസികമായി അതുമായി പൊരുത്തപ്പെട്ട് നിൽക്കുന്നവരാണ്. എങ്കിലും അവരുടെ സുരക്ഷയെ മുൻകരുതിക്കൊണ്ട് കടലാക്രമണം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശത്തുനിന്ന് കുറച്ചകലെ അവരുടെ സ്ഥായിയായിട്ടുള്ള പുനരധിവാസത്തിന് ഒരു പദ്ധതി തയ്യാറാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്. പുനരധിവാസം ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിഷയമായതിനാൽ ഇത്

ഫിഷറീസ് വകുപ്പുമായി ആലോചിച്ച് ചെയ്യേണ്ടതാണ്. Coastal Regulation Zone (CRZ) -മായി ബന്ധപ്പെട്ട് വന്നിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ വളരെ പ്രസക്തമായ വിഷയമായി ഇത് ശേഷിക്കുകയാണ്. യോജിച്ച ഒരു തീരുമാനം അതിലുണ്ടാകുകയും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ താൽപ്പര്യവും കാണിക്കുന്നുണ്ട്. അത് വളരെ നല്ല നിലയിൽ പുരോഗതി പ്രാപിച്ച് ഇപ്പോൾ പറഞ്ഞതുപോലുള്ള ബുദ്ധിമുട്ടുകൾ സ്ഥിരമായി ഒഴിവാക്കാൻ ഏതാണോ സ്വീകാര്യമായ മാർഗ്ഗമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച് കൂട്ടായ സംരംഭം എന്ന നിലയിൽ അതിന് നേതൃത്വം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഏറ്റവും കൂടുതൽ തീരദേശമുള്ള ഒരു ജില്ലകൂടിയാണ് തിരുവനന്തപുരം. ശംഖുമുഖം, വലിയതുറ, ബീമാപ്പള്ളി, പൂന്തുറ തുടങ്ങിയ മേഖലകളിലൊക്കെ ഇതിന്റെ രൂക്ഷമായ പ്രത്യാഘാതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വിമാനത്താവളത്തോടുചേർന്ന ടൂറിസ്റ്റ് പ്രാധാന്യമുള്ള ഒരു സ്ഥലംകൂടിയാണ് ശംഖുമുഖം. അവിടെ തീരസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച്

വിശദമാക്കാമോ? ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയപഠനം നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രാധാന്യമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പ്രത്യേകിച്ച് ടൂറിസം പ്രാധാന്യമുള്ള ഒരു പ്രദേശമായതുകൊണ്ട് ശംഖുമുഖത്തെ അങ്ങനെ കാണേണ്ടതുണ്ട്. നിലവിൽ പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരദേശത്ത് ജിയോ ട്യൂബ് ഉപയോഗിച്ച് 700 മീറ്റർ ദൂരം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് അത് നടപ്പിലാക്കുന്നത്. അതോടൊപ്പം ശംഖുമുഖം ഭാഗത്ത് 400 മീറ്റർ പൊതുമരാമത്ത് റോഡിനോട് ചേർന്ന് ഡയഫ്രം വാൾ നിർമ്മിക്കുന്നത് തീരസംരക്ഷണത്തിനായി നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമാണ്. ശംഖുമുഖം ഭാഗത്ത് 700 മീറ്റർ ദൂരം detached breakwater ഉപയോഗിച്ച് തീരസംരക്ഷണത്തിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. അതിനെക്കാൾ പ്രധാനമായ വിഷയം, അതൊരു ടൂറിസം ഡെസ്റ്റിനേഷനായതുകൊണ്ട് അതിന്റെ പ്രാധാന്യം കുറച്ചുകാണാൻ കഴിയില്ല. അതുകൊണ്ട് വിശദമായ പഠനം ആവശ്യമായ തോതിൽ നടത്തി കോസ്റ്റൽ

മേഖലയിലുള്ള ടൂറിസത്തിന്റെ പ്രാധാന്യംകൂടി മുഖവിലയ്ക്കെടുത്ത് നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഗവൺമെന്റ് തയ്യാറാകും.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കഴിഞ്ഞ കടലാക്രമണത്തെ തുടർന്ന് തീരം സംരക്ഷിക്കാനായി നൂതന മാർഗ്ഗം അവലംബിക്കാൻ ബഡ്ജറ്റിൽ 5300 കോടി രൂപ മാറ്റിവയ്ക്കാൻ നിശ്ചയിച്ചിരുന്നല്ലോ; അടിയന്തര പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും 1200 കോടി രൂപ അടിയന്തരമായി ലഭ്യമാക്കുമെന്നും ഇറിഗേഷൻ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും പങ്കെടുത്ത ഓൺലൈൻ യോഗത്തിൽ പറയുകയുണ്ടായി. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വൈപ്പിനിൽ 48 പുലിമുട്ടുകളുടെ നിർമ്മാണത്തിന് 41 കോടി രൂപയും 5.7 കിലോമീറ്റർ കടൽഭിത്തി നിർമ്മാണത്തിന് 31.76 കോടിരൂപ ഉൾപ്പെടെ 72.76 കോടി രൂപ ഉടൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ബഡ്ജറ്റ് പ്രസംഗത്തിൽ ലോകബാങ്ക്, നബാർഡ്, കിഫ്ബി തുടങ്ങിയ വിവിധ സ്രോതസ്സുകളിലൂടെ

പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുമെന്ന് പറയുകയുണ്ടായി. അതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കടൽത്തീരത്തുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കടലാക്രമണം രൂക്ഷമാകുന്ന പ്രധാനപ്പെട്ട പല മേഖലകളെയും ഹോട്ട് സ്പോട്ടുകളായി പരിഗണിച്ച് അവിടത്തെ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ചെല്ലാനത്തെയും ശംഖുമുഖത്തെയും വിഷയങ്ങൾ ഞാനിവിടെ സൂചിപ്പിച്ചു. വിവിധ ജില്ലകളിലായുള്ള ആലപ്പാട്, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങളിലാണ് അതിരൂക്ഷമായ കടൽക്ഷോഭമുണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത്. അതിനാവശ്യമായ ഡി.പി.ആർ. തയ്യാറായിരിക്കുകയാണ്. അതോടൊപ്പം, വരുന്ന അഞ്ചുവർഷംകൊണ്ട് നമ്മുടെ തീരദേശം പൂർണ്ണമായും സംരക്ഷിക്കപ്പെടണം. അതിനായി ഈ വർഷം കിഫ്ബിയുടെ ധനസഹായമായി 1500 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. അതിൽ 500 കോടി രൂപയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ബാക്കി

ഹോട്ട് സ്പോട്ടുകളിൽ 1000 കോടി രൂപയുടെ പദ്ധതിയും ഈ സാമ്പത്തികവർഷംതന്നെ നടത്താൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രദേശം രൂക്ഷമായ കടലാക്രമണ സാധ്യതയുള്ള മേഖലയാണെന്ന് ഹോട്ട് സ്പോട്ടിൽ പറയുന്നില്ലെങ്കിലും അത് പരിശോധിക്കാൻ തയ്യാറാണ്. അത്തരത്തിലുള്ള പ്രദേശമാണെങ്കിൽ ഹോട്ട് സ്പോട്ടിൽ ആ പ്രദേശവും ഉൾപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)